(ബി) കോവിഡ് ബാധിച്ച് ഇതുവരെ കേരളത്തിൽ എത്ര ആദിവാസികൾ മരണപ്പെട്ടുവെന്ന് അറിയിക്കുമോ?

കോവിഡ് ബാധിച്ച് കേരളത്തിൽ ഇതുവരെ 14 ജില്ലകളിലായി 50 രോഗികൾ (3-6-2021-ലെ കണക്ക് പ്രകാരം) മരണപ്പെട്ടിട്ടുണ്ട്.

(സി) കോവിഡ് ബാധിച്ച് മരണപ്പെടുന്ന ആദിവാസികളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ ധനസഹായം നൽകുന്നില്ല.

(ഡി) ആദിവാസികൾക്ക് കോവിഡ് വാക്സിനേഷന് മുൻഗണന നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആദിവാസി വിഭാഗത്തെ കോവിഡ് വാക്സിനേഷനായുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്

198 (210) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

കിഫ്ബിയിൽപ്പെടുത്തി കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ വികസനത്തിന് 125 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടോമാ കെയർ ഫേസ്-I, ടോമാകെയർ ഫേസ്-II, ടോമാകെയർ ഫേസ്-III എന്നിവയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ ടോമാകെയർ ഫേസ്-I-ന് കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ച് ടെണ്ടർ നടപടികൾ നടന്നു വരുന്നു. ടോമാകെയർ ഫേസ്-II, മെയിന്റനൻസ് ഫേസ് -III എന്നിവയ്ക്ക് അന്തിമ ധനകാര്യ അനുമതി ലഭിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ച പ്രോജക്ടുകൾ ഏതൊക്കെയാണ്; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ?

കിഫ്ബിയിൽനിന്നും ട്രോമാകെയർ ഫേസ്-I-ന് ഭരണാനുമതിയും ധനകാര്യാനുമതിയും ലഭിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

(സി) സർക്കാർ ഏറ്റെടുത്തശേഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഏതൊക്കെ പദ്ധതികളാണ് പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഈ മെഡിക്കൽ കോളേജിൽ ഇതുവരെയായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരെ നിലനിർത്തുന്നതിന്റെ ഭാഗമായി 1430 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് 100 അദ്ധ്യാപക തസ്തികകളും 11 അനദ്ധ്യാപക തസ്തികകളും (മിനിസ്റ്റീരിയൽ) സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് (ആകെ 1541 തസ്തിക).

കോവിഡ് മുന്നണിപ്പോരാളികൾക്ക് സംരക്ഷണം

199 (211) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായ ഡോക്ടർമാർക്കും നഴ്സുമാർക്കും സുരക്ഷ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.